(ബി) ജിമ്മിനെത്തുടർന്ന് 2002 ജനുവരി 20-നും 2003 ജനുവരി 20-നുമിടയിൽ പൊതുമേഖലയിലും സഹകാര്യ മേഖലയിലും സംസ്ഥാനത്ത് പുതുതായി എത്ര കമ്പനികൾ നിലവിൽ വരികയുണ്ടായി; ഈ കമ്പനികളുടെ എല്ലാം കൂടി മൊത്തം അധികൃത മൂലധനം എത്ര കോടിയുടേതായിരുന്നു;

(സി) ജിമ്മിനു മുൻവർഷം 2002 ജനുവരി 20-നും 2001 ജനുവരി 20-നുമിടയിൽ സംസ്ഥാനത്ത് നിലവിൽവന്ന മൊത്തം കമ്പനികളുടെ മൊത്തം അധികൃത മൂലധനം എത്രയായിരുന്നു;

(ഡി) ജിമ്മിനുശേഷം ഒരുവർഷം നിലവിൽവന്ന കമ്പനികളിൽ ജിമ്മിൽ പങ്കെടുത്ത കമ്പനികൾ എത്രയായിരുന്നു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വ്യാവസായിക രംഗത്തെ സമസ്ത മേഖലകളിലുള്ള വളർച്ചയാണ് ലക്ഷ്യമിട്ടിരുന്നത്. അതിനനുസരണമായ നടപടി സ്വീകരിച്ചുവരുന്നു. വളർച്ചയുടെ വിലയിരുത്തലിന് സമയമായിട്ടില്ല.

(ബി) ജിമ്മിനെത്തുടർന്ന് 2003-ജനുവരി 20-നും 2004 ജനുവരി 20-നുമിടയിൽ കെ. എസ്. ഐ. ഡി. സി.-യുടേയും കിൻഫ്രയുടേയും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമായി 11 പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. ഇവയുടെ ആകെ മൂലധനം 121.25 കോടി രൂപയാണ്. എല്ലാം സഹകാര്യ മേഖലയിലാണ്.

(സി) ജിമ്മിന് മുമ്പ് 2003-ജനുവരി 20-നും 2002 ജനുവരി 20-നുമിടയിൽ കെ. എസ്. ഐ. ഡി. സി.-യുടെ പരിധിയിൽ 142 കോടി രൂപ മുതൽമുടക്ക് വരുന്ന 12 കമ്പനികൾ ആരംഭിച്ചു.

(ഡി) കെ. എസ്. ഐ. ഡി. സി.-യുടെയും കിൻഫ്രയുടെയും പരിധികളിലായി 11 കമ്പനികൾ നിലവിൽവന്നു.

ആഗോള നിക്ഷേപക സംഗമത്തിനുശേഷം സർക്കാർ തലത്തിൽ രൂപീകരിച്ച കമ്പനികൾ

10 [1149] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോള നിക്ഷേപക സംഗമത്തിനുശേഷം സർക്കാർ തലത്തിൽ എത്ര കമ്പനികൾ രൂപീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ തലത്തിൽ രൂപീകരിച്ചിട്ടുള്ള പ്രസ്തുത കമ്പനികളുടെ പേരുവിരം വ്യക്തമാക്കുമോ;

(സി) നിലവിലുണ്ടായിരുന്ന കമ്പനികളുടെ മൂലധനത്തിൽ ജിമ്മിന്റെ രൂപവൽക്കരണത്തിനുശേഷം കുറവു വന്നിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ, ബി) സർക്കാർ തലത്തിൽ കമ്പനികൾ രൂപീകരിച്ചിട്ടില്ല.

(സി) ആഗോള നിക്ഷേപക സമ്മേളനത്തിനുശേഷം ഇപ്രകാരം കുറവുണ്ടായിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിൽ വാഗ്ദാനം ചെയ്യപ്പെട്ട പദ്ധതികൾ

11 [1150] ശ്രീ. കെ. എൻ. എ. ഖാദർ:
,, സി. ടി. അഹമ്മദ് അലി:
,, വി. കെ. ഇബ്രാഹിം കുഞ്ഞ്:
,, ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിൽ വാഗ്ദാനം ചെയ്യപ്പെട്ട ഏതെല്ലാം പദ്ധതികൾ പ്രാവർത്തികമാകുമെന്ന് ഇതിനകം ഉറപ്പായിട്ടുണ്ട്;

(ബി) ബാക്കിയുള്ളവ നടപ്പിലാക്കി കിട്ടുന്നതിന് തടസ്സമായി നിൽക്കുന്ന കാരണങ്ങൾ എന്തൊക്കെയാണ്;

(സി) രാഷ്ട്രീയ പ്രശ്നങ്ങൾ പ്രസ്തുത തടസ്സങ്ങളിൽ ഉൾപ്പെടുമോ?

ഉത്തരം

(എ) ജിം-ൽ വന്ന പദ്ധതികളിൽ ഇതിനകം 121.25 കോടി രൂപയുടെ പതിനൊന്നു പദ്ധതികൾ പൂർത്തിയായിട്ടുണ്ട്. മറ്റു പദ്ധതികൾ പ്രാരംഭദശയിലാണ്.

(ബി) പദ്ധതികൾ നടപ്പിലാക്കുന്നതിനായി വിവിധ തരത്തിലുള്ള പരിശോധനകളും നടപടിക്രമങ്ങളും പുരോഗമിക്കുന്നു.

(സി) ബി വിഭാഗത്തിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

ജിമ്മിൽ ഒപ്പിട്ട ധാരണാ പത്രങ്ങളിൽ ഉപേക്ഷിക്കേണ്ടിവന്ന പദ്ധതികൾ

12 [1151] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞവർഷം കൊച്ചിയിൽ നടന്ന ആഗോള നിക്ഷേപക സംഗമത്തിലെ നിക്ഷേപ വാഗ്ദാനപ്രകാരം കഴിഞ്ഞ ഒരുവർഷത്തിനകം എത്ര പദ്ധതികൾ നടപ്പിലായെന്നും അവ എത്ര കോടി രൂപയുടേതായിരുന്നു എന്നും സർക്കാർ മേഖലയിലേയും സ്വകാര്യ മേഖലയിലേയും പദ്ധതികൾ ഏതെല്ലാം ആയിരുന്നുവെന്നും തരംതിരിച്ച് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly